## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3 — 02.03.2020 ൽ മറുപടിക്ക്

## ദേശീയ ജനസംഖ്യാ-പൗരത്വ രജിസ്റ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.)സെൻസസിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ; സെൻസസ്, എൻ.പി.ആർ. എന്നിവ ഏതെല്ലാം കാരണങ്ങളാലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ; | (എ) അല്ല. ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്-2021)ഉം ദേശീയ ജനസംഖ്യാ പട്ടിക (എൻ.പി.ആർ) പുതുക്കലും രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. 1948 ലെ സെൻസസ് ആക്ടിലേയും 1990 ലെ സെൻസസ് റൂളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ് നിലവിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്. 1872 മുതൽ 10 വർഷത്തിലൊരിക്കൽ മുടങ്ങാതെ സെൻസസ് പ്രക്രിയ നടന്നുവരുന്നു. രാജ്യത്തെ 16ാമത്തെയും സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള 8ാമത്തെയും ജനസംഖ്യാ കണക്കെടുപ്പാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. ജനസംഖ്യാ കണക്കെടുപ്പ് 10 വർഷത്തിലൊരിക്കൽ നടക്കുന്ന രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവര ശേഖരണമാണ്. 1872 മുതൽ ഓരോ 10 വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും, നയ രൂപീകരണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താപേക്ഷിതമാണ്. ദേശീയ |

അന്തർദേശീയ ഏജൻസികളും ഗവേഷകരും ബിസിനസ്സുകാരും, ശാസ്ത്രജ്ഞരും, വ്യവസായികളും മറ്റുമടങ്ങുന്ന വിദഗ്ദ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി ഇടപ്പെടുന്നത്. വിവിധ നിയമനിർമ്മാണ സഭകളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേക്കുള്ള സംവരണം അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങളുടെയും രാജ്യത്തിന്റെയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. ആയതിനാൽ ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് ഏതൊരു സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും പൗരന്റേയും കടമയാണ്. രാജ്യത്താകമാനം ഒരേ സമയം നടത്തുന്ന സെൻസസ് നടപടിക്രമങ്ങൾ സംസ്ഥാനത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നത് പ്രായോഗികമാകില്ല. രാജ്യത്തിലെ പൗരൻമാരുടെ രജിസ്റ്റർ (എൻ.ആർ.സി.) തയ്യാറാക്കുന്നതിനു പൗരന്മാർക്ക് നാഷണൽ ഐഡിന്റിറ്റി കാർഡ് ലഭ്യമാക്കുക എന്നത് ലക്ഷ്യമിട്ട് 1955 ലെ പൗരത്വനിയമത്തിന് കീഴിൽ 2003 ൽ പുറപ്പെടുവിച്ച സിറ്റിസൺഷിപ്പ് (രജിസ്ട്രേഷൻ ഓഫ് സിറ്റിസൺസ് ആന്റ് ഇഷ്യൂ ഓഫ് നാഷണൽ ഐഡന്റിറ്റി കാർഡ്സ്) റൂൾസിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്ത് ദേശീയ

ജനസംഖ്യാ പട്ടിക (എൻ.പി.ആർ.) നടപ്പിലാക്കുന്നത്. 2010 ൽ ആദ്യമായി നടപ്പിലാക്കിയ എൻ.പി.ആർ 2015 ൽ പുതുക്കുകയും ചെയ്തിരിക്കുന്നു. ഇത്തവണ ആദ്യഘട്ട സെൻസസ് പ്രവർത്തനങ്ങളോടൊപ്പം എൻ.പി.ആർ. പുതുക്കൽ നടപടി കൂടി നടത്തുവാൻ തീരുമാനിച്ചു എന്നതൊഴിച്ചാൽ ജനസംഖ്യാ കണക്കെടുപ്പിന്റേയും എൻ.പി.ആർ. പട്ടിക പുതുക്കലിന്റേയും വിവരശേഖരണത്തിന്റെ ഉദ്ദേശവും ലക്ഷ്യവും തികച്ചും വേറെ വേറെയാണ്. ഇവയ്ക്ക് വേവ്വേറ ചോദ്യാവലികളുമാണ്. സെൻസസ് പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ തന്നെ എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല.

| | | | |
|---|---|---|---|
| (ബി) | ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) തയ്യാറാക്കുന്നതിനുള്ള ചോദ്യങ്ങൾ 2021-ലെ സെൻസസിൽ ഉൾപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ജനസംഖ്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്ന് വന്നിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.പി.ആർ സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല. |
| (ഡി) | ദേശീയ പൗരത്വ രജിസ്റ്റർ (എൻ.ആർ.സി.) നടപ്പാക്കാൻ കേന്ദ്രം തീരുമാനിച്ചാൽ, സംസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ദേശീയ പൗരത്വ രജിസ്റ്ററിലേക്ക് (എൻ.ആർ.സി.) നയിക്കപ്പെടുന്ന പ്രക്രിയയായതിനാൽ തന്നെ ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) നടപടികളുമായി സംസ്ഥാന സർക്കാർ സഹകരിക്കില്ലെന്ന് ഇതിനകം തന്നെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ആയത് നടപ്പാക്കാതിരിക്കുന്നതിന് സംസ്ഥാനത്തിന് സ്വാതന്ത്ര്യമുണ്ടോയെന്ന് ഭരണഘടനാ വ്യവസ്ഥകൾ സഹിതം വിശദമാക്കാമോ? | (ഇ) | സംസ്ഥാന സർക്കാർ മുഖേന സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോട് കൂടിയാണ് സെൻസസ്, എൻ.പി.ആർ., എൻ.ആർ.സി., തുടങ്ങിയ നടപടികൾ കേന്ദ്ര സർക്കാർ |

നടപ്പാക്കേണ്ടത്. പൗരത്വ ഭേദഗതി നിയമം (CAA) 2019 നെ തുടർന്ന് ജനങ്ങൾക്കിടയിൽ വിശിഷ്യാ ന്യൂനപക്ഷ വിഭാഗങ്ങൾ ക്കിടയിലുണ്ടായിട്ടുള്ള ആശങ്ക സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. എൻ.ആർ.സി. നടപ്പിലാക്കിയ സംസ്ഥാനത്തിന്റെ അനുഭവം ഇതിന് അടിസ്ഥാനമാണ്. ജനങ്ങളുടെ ആശങ്ക അകറ്റുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കർത്തവ്യങ്ങളിലൊന്നാണ്. ആയതിനാൽ എൻ.ആർ.സി.യിലേക്ക് നയിക്കുന്ന എൻ.പി.ആർ.മായി സഹകരിക്കാതിരിക്കുന്നതിനോ ഏറ്റെടുത്ത് നടത്താതിരിക്കുന്നതിനോ സംസ്ഥാന സർക്കാരിന് തീരുമാനമെടുക്കുന്നതിന് തടസ്സമില്ല.

സെക്ഷൻ ഓഫീസർ